## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 1337 | 04-02-2019 -ൽ മറുപടിക്ക്

### പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാര തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.അബ്ദുറഹിമാൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഈ നൂറ്റാണ്ടിലെ മഹാപ്രളയത്തിൽ വീട് നഷ്ടപ്പെട്ടവരുടെ എണ്ണവും നഷ്ടപരിഹാര തുകയും എത്രയെന്ന് കണക്കാക്കി യിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | എ) | തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന ലഭിച്ച അപേക്ഷകളിൽ ജില്ലാകളക്ടർമാർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 13362 വീടുകൾ ആണ് പൂർണ്ണമായും തകർന്നത്. വിവിധ തോതിൽ ഉള്ള തകർച്ച നേരിട്ട വീടുകൾക്ക് ദുരിതാശ്വാസ സഹായമായി 1,611.85 കോടി രൂപ ആവശ്യമാണ്. |
| ബി) | പ്രസ്തുത വീടുകളുടെ പുനർനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | ബി) | തൃശ്ശൂർ ജില്ലയിൽ 7 വീടുകളും പാലക്കാട് ജില്ലയിൽ 3 വീടുകളും വയനാട് ജില്ലയിൽ 17 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ടി ജില്ലകൾ ഉൾപ്പെടെ എല്ലാ ജില്ലകളിലും ആദ്യ ഗഡു ധനസഹായം നൽകിയ വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. Care Home പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകൾ എത്രയും വേഗം പണി തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി) | പൂർണ്ണമായും ഭാഗികമായും വീട് തകർന്നവർക്ക് തീരുമാനിച്ചിട്ടുള്ള നഷ്ടപരിഹാര തുക എത്ര വീതമാണ്; | സി) | സംസ്ഥാന സർക്കാർ രാജ്യത്തു തന്നെ ഏറ്റവും ഉയർന്ന തോതിൽ, ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള Minimum Relief code നിർണ്ണയിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയാണ് (സമതലത്തിൽ 95100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ആകെ നൽകുന്ന 4 ലക്ഷത്തിൽ ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്. Minimum Relief Code അനുസരിച്ച് |

സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിൻറെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനു മേലെ എന്നിങ്ങനെ അഞ്ചു വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായനിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

പൂർണ്ണമായും സ്ഥലം ഒഴുകി പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട്ടു നിർമ്മാണത്തിന് അനുയോജ്യം അല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ, പ്രമാണത്തിൽ ഉള്ള തുകയോ, ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. രാജ്യത്ത് സ്ഥലം ദുരന്തത്തിൽ ഒഴുകി പോയ ദുരന്ത ബാധിതർക്ക് വീട്ടു വയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ഇത്രയും ഉയർന്ന അളവിൽ ദുരിതാശ്വാസ സഹായം അനുവദിക്കുന്ന മറ്റൊരു സംസ്ഥാനവും ഇല്ല.

പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃതമാതൃക പിന്തുടർന്ന് 2018 ൽ പ്രളയത്തിൽ പൂർണ്ണമായും തകർന്നതും ഗുരുതരമായി (75%ത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതിന് വീടുനഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്കു തലത്തിൽ വിളിച്ചു ചേർക്കുവാനും, വിശദമായി വിവിധ ഭവന നിർമാണ സാദ്ധ്യതകൾ വിശദീകരിച്ച് നൽകുകയും ചെയ്തു.

'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാ തലത്തിലും ഭവന നിർമ്മാണ സഹായകേന്ദ്രങ്ങളും ആരംഭിക്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചു. ലൈഫ് മിഷന് ആണ് ഈ കേന്ദ്രത്തിൻറെ നടത്തിപ്പ് ചുമതല.

വൈദ്യുതി വിച്ഛേദിക്കപ്പെട്ട 25.57 ലക്ഷം കെട്ടിടങ്ങളിലേക്കുള്ള വൈദ്യുതി ബന്ധം 1-9-2018 ഓടുകൂടി തന്നെ പുനസ്ഥാപിച്ചു നൽകി.

| | | | |
|---|---|---|---|
| ഡി) | ഈ പുനർനിർമ്മാണപദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകൾ ഇപ്പോഴത്തെ കണക്കനുസരിച്ച് 13,362 ആണ്. അതിൽ 7428 പേർ സ്വയം വീട് നിർമ്മിച്ചു കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. ആകെ 9341 പേർക്ക് ആദ്യ ഗഡു സഹായം നല്കി വീട് പണി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ, കെയർ ഹോം സന്നദ്ധ സംഘടനകൾ എന്നിവ മുഖേന നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. പൂർണ്ണമായി തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ